# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 377 07.01.2014 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ നയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എ.ബേബി<br>" സാജുപോൾ<br>" കെ.വി.അബ്ദുൾ ഖാദർ<br>" കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സർക്കാർ പ്രഖ്യാപിച്ച സൗരോർജ്ജ നയം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ്; ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലത്തെ സൗരോർജ്ജ ഉല്പാദന ലക്ഷ്യം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. 25/11/2013ലെ സർക്കാർ ഉത്തരവ് (പി) നം. 49/2013/ഊ.വ പ്രകാരം സംസ്ഥാനത്ത് സൗരോർജ്ജനയം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. 2017 വരെയുള്ള കാലത്ത് 500 മെഗാവാട്ടും 2030-ഓടുകൂടി 2500 മെഗാവാട്ടും സോളാർ വൈദ്യുതി സ്ഥാപിതശേഷി കൈവരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) ഇത്തരമൊരു നയം പ്രഖ്യാപിക്കുന്നതിന് മുമ്പായി ഏതെല്ലാം തലത്തിൽ ചർച്ചകളും ആലോചനയും നടത്തുകയുണ്ടായി; വിശദമാക്കുമോ;<br>(സി) നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് സൗരോർജ്ജത്തിന്റെ ഉത്പാദനവും വിതരണവും ഏറ്റെടുക്കാൻ വൈദ്യുതി ബോർഡിനെ പ്രസ്തുത നയം അനുവദിക്കുന്നുണ്ടോ; ബോർഡിനെ പൂർണ്ണമായും ഒഴിവാക്കിയതിന്റെ കാരണം അറിയിക്കുമോ;<br>(ഡി) കെ.എസ്.ഇ.ബി., അനർട്ട് തുടങ്ങി സർക്കാർ- പൊതുമേഖലാ- അർദ്ധ സർക്കാർ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് ഒരു നയ രൂപീകരണം നടത്താൻ തയ്യാറാകുമോ? | <u>(ബി) യും (സി) യും (ഡി) യും</u><br>അനെർട്ട്, കെ.എസ്.ഇ.ബി, ഇ.എം.സി, കെ.എസ്.ഇ.ആർ.സി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് തുടങ്ങിയ. സർക്കാർ സ്ഥാപനങ്ങളും, ഈ രംഗത്തെ പ്രമുഖരുമായി നടത്തിയ ചർച്ചകളെ തുടർന്ന് ഒരു കരട് നയം തയ്യാറാക്കി 2013 ഫെബ്രുവരിയിൽ പ്രസിദ്ധീകരിക്കുകയും പൊതു ജനങ്ങളുൾപ്പെടെയുള്ളവരിൽ നിന്നും ഇതു സംബന്ധിച്ച് അഭിപ്രായം ക്ഷണിക്കുകയും ചെയ്തു. ലഭിച്ച അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും മേൽപ്പറഞ്ഞ രീതിയിൽ ചർച്ചകൾ നടത്തിയശേഷമാണ് അന്തിമമായി നയം രൂപീകരിച്ചത്. ഇതിൽ കെ.എസ്.ഇ.ബി, അനെർട്ട് മുതലായ സ്ഥാപനങ്ങളുടെ ചുമതലകൾ പ്രത്യേകം നിർവചിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ